LIBRARY ARCHIVES Kerala Legislative Assembly

നഗരപ്രദേശങ്ങളിലേയും നാഷണൽ ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലെയും സൗന്ദര്യവൽക്കരണം

35 [587] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, ഇ. എം. അഗസ്തി:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലും നാഷണൽ ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലും സൗന്ദര്യവൽക്കരണം നടത്തുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; എങ്കിൽ അതെന്തെന്നു വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിന് ഈ വർഷം എന്തു തുക മാറ്റിവച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനംവകുപ്പിന്റെ സാമൂഹ്യവത്കരണ പദ്ധതിയനുസരിച്ച് തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപ്പാസിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയ പാതയിൽ പലയിടങ്ങളിലും പൂന്തോട്ടങ്ങൾ നിറഞ്ഞ ട്രാഫിക് ഐലന്റുകളും, പുൽമേടുകളും സ്ഥാപിച്ച് മോടിപിടിപ്പിക്കുന്നതിന് സ്വകാര്യ കമ്പനികളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിക്കുന്ന പദ്ധതികൾക്ക് അനുമതി നൽകാറുണ്ട്. സ്വകാര്യ സംരംഭത്തിന് മുഴുവൻ ചിലവും അവർ തന്നെ വഹിക്കുന്നതാണ്.

(ബി) പ്രത്യേക ഫണ്ടൊന്നും മാറ്റിവച്ചിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

എം. എൽ. എ. റോഡുകളുടെ നിർമ്മാണം

36 [588] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എം. എൽ. എ. റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള എം. എൽ. എ. റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) കുന്ദമംഗലം-പെരിങ്ങളം-കുറ്റിക്കാട്ടൂർ എം. എൽ. എ. റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ റോഡ് വീതികൂട്ടി റീ ടാറിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ പ്രവൃത്തി എന്നാരംഭിക്കും എന്ന് വ്യക്തമാക്കാമോ;

(ജി) ഈ സർക്കാർ വന്നതിനുശേഷം ഈ റോഡിൽ എത്ര തുക ചെലവഴിച്ചു എന്നും എന്തു പ്രവർത്തി നടത്തി എന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഏതാനും ചില എം. എൽ. എ. റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തി റോഡ് ഗതാഗതയോഗ്യമാക്കിവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വീതികൂട്ടി റീടാറിംഗ് നടത്തുവാൻ ഇപ്പോൾ പദ്ധതിയില്ല. നിലവിലുള്ള വീതിയിൽത്തന്നെ റീടാറിംഗ് നടത്തുവാനാണുദ്ദേശിക്കുന്നത്.

(എഫ്) ഇക്കൊല്ലം തന്നെ പ്രവൃത്തി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) പാച്ച് വർക്കുകൾ നടത്തിയ വകയിൽ ഏകദേശം 3 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

ദൈർഘ്യമേറിയ അതർ ഡിസ്ട്രിക്ട് റോഡുകളെ മേജർ ഡിസ്ട്രിക്ട് റോഡുകളാക്കാൻ നടപടി

37 [589] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദൈർഘ്യമേറിയ അതർ ഡിസ്ട്രിക്ട് റോഡുകളെ മേജർ ഡിസ്ട്രിക്ട് റോഡുകൾ (എം. ഡി. ആർ.) ആക്കി മാറ്റാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ റോഡുകളാണ് ഇതിനായി പരിഗണിക്കുന്നത്;

(സി) ഇതിനായി എടുത്തുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) കാലതാമസം കൂടാതെ പ്രസ്തുത തീരുമാനം ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അനന്തര നടപടികൾ കഴിയുന്നതും വേഗം സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly